**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 37** **28-06-2022 - ൽ മറുപടിയ്ക്ക്**

**വേൾഡ് ഇക്കണോമിക് ഫോറം കോൺഫറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ ,<br>ശ്രീ സി ആർ മഹേഷ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സ്വിറ്റ്സർലന്റിലെ ദാവോസിൽ നടന്ന വേൾഡ് ഇക്കണോമിക് ഫോറം കോൺഫറൻസിൽ കേരളം പങ്കെടുക്കാത്തതിന്റെ കാരണം വിശദമാക്കാമോ; | (എ) | അന്തർദേശീയ വ്യാവസായിക എക്സിബിഷനുകൾ/ കോൺഫറൻസുകൾ, എന്നിവയിൽ ഔദ്യോഗിക ക്ഷണം ലഭിക്കുന്ന മുറയ്ക്ക്, കേന്ദ്രസർക്കാർ അനുമതിയ്ക്ക് വിധേയമായി മാത്രമാണ് സംസ്ഥാനത്തെ പ്രതിനിധീകരിച്ച് ബഹു. മുഖ്യമന്ത്രിയുടെയോ, വകുപ്പ് മന്ത്രിമാരുടെയോ, വകുപ്പ് തലവൻമാരുടെയോ നേതൃത്വത്തിലുള്ള പ്രതിനിധി സംഘം പങ്കെടുക്കാറുള്ളത് |
| (ബി) | രണ്ട് വർഷത്തെ ഇടവേളയ്ക്ക് ശേഷം നടന്ന ആഗോള ഇവന്റിൽ കർണാടക, മഹാരാഷ്ട്ര, തെലങ്കാന, ആന്ധ്രാപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങൾ തൊണ്ണൂറ്റി അയ്യായിരത്തി എണ്ണൂറ് കോടി രൂപയുടെ നിക്ഷേപം ആകർഷിക്കുന്നതിൽ വിജയിച്ച എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സംസ്ഥാനത്തിന്റെ അനുയോജ്യമായ വ്യവസായങ്ങൾ ആരംഭിക്കുന്നതിന് സംരംഭകരെ ആകർഷിക്കുന്നതിനായി അന്തർദ്ദേശീയ നിലവാരമുള്ള സംരംഭക മീറ്റുകളിൽ കേരളം പങ്കെടുക്കാറുണ്ട്. 2021 -ൽ നടന്ന ദുബായ് എക്സ്പോയിൽ പങ്കെടുത്തുകൊണ്ട് കേരളത്തിൽ നിക്ഷേപം നടത്തുന്നതിന് ലഭ്യമായ സൗകര്യങ്ങളും ആനുകൂല്യങ്ങളും സംരംഭകരെ ബോധ്യപ്പെടുത്തുകയും അതുപ്രകാരം നിരവധി സംരംഭകർ നിക്ഷേപത്തിന് തയ്യാറാകുകയും ചെയ്തിട്ടുണ്ട്. |
| (സി) | കേരളം ഉറ്റുനോക്കുന്ന പ്രധാന മേഖലകളായ ലൈഫ് സയൻസ്, ഫാർമസ്യൂട്ടിക്കൽ തുടങ്ങിയ പ്രധാന മേഖലകളിൽ തെലങ്കാന അടക്കമുള്ള സംസ്ഥാനങ്ങൾക്ക് നിക്ഷേപം ആകർഷിക്കാൻ കഴിഞ്ഞതിനാൽ സംസ്ഥാനത്തിന് പ്രസ്തുത കോൺഫറൻസിൽ പങ്കെടുക്കാത്തതുമൂലം ഒരു സുവർണാവസരം നഷ്ടമായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | ലൈഫ് സയൻസ്, ഫാർമസ്യൂട്ടിക്കൽ മേഖലയിലെ നിക്ഷേപ സാധ്യതകൾ മുതലെടുത്തുകൊണ്ട് പ്രത്യേക പാർക്കുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിൽ KSIDC -യുടെ നിയന്ത്രണത്തിൽ ലൈഫ് സയൻസ് പാർക്കും എറണാകുളം ജില്ലയിൽ Kinfra യുടെ നിയന്ത്രണത്തിൽ ഫാർമ പാർക്കും ആരംഭിച്ചിട്ടുള്ളത്. ലൈഫ് സയൻസ് പാർക്കിൽ Vaccine Fill Finish Unit സ്ഥാപിക്കുന്ന ആങ്കർ യൂണിറ്റുകൾക്ക് ഒറ്റ സ്പെഷ്യൽ പാക്കേജ് സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മേൽ പാർക്കുകളിലേക്ക് വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ